ബന്ധപ്പെട്ടതാണ്. പക്ഷേ നിലമ്പൂരിലുള്ള സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി., എസ്.ടി.യു. സംഘടനകളെല്ലാം ഒരുമിച്ചു നിൽക്കുകയാണ്. രണ്ടു പ്രദേശത്തുള്ള തൊഴിലാളികൾ തമ്മിലുള്ള തർക്കമാണ് ഇതിനകത്ത് പ്രധാനമായും വരുന്നത്. അതുകൊണ്ട് ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നടപ്പിലാക്കാൻ കഴിയുന്ന ഒരു കാര്യമല്ല ഇത്. അങ്ങയുടെ വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു. പക്ഷേ ഇതുപോലുള്ള ഒരു പ്രശ്നം കൂടി ആ ഭാഗത്ത് നിൽപ്പുണ്ട്. അതുകൊണ്ടാണ് ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയാത്തത്. കോളനൈസേഷൻ സ്കീമിൽപ്പെട്ട സ്ഥലത്തുനിന്നും 5095 ക്യൂബിക് മീറ്റർ ഈട്ടിത്തടികൾ ശേഖരിക്കുന്നതിനുള്ള പണികളും കൂറ്റിയാടി ആഗ്മെന്റേഷൻ സ്കീമിൽപ്പെട്ട ഈട്ടിത്തടികൾ മുറിക്കുന്നതിനുള്ള പണികളും ഉടനെ ആരംഭിക്കാൻ പോകുകയാണ്. അതിൽനിന്നും ഏതാണ്ട് 2000 ക്യൂബിക് മീറ്റർ ഈട്ടിത്തടി ചാലിയം ഡിപ്പോയിൽ ഇറക്കാൻ പറ്റുമോയെന്നുള്ള പ്രൊപ്പോസൽ നമ്മുടെ മുന്നിലുണ്ട്. പക്ഷെ ആ പ്രൊപ്പോസൽ വന്നാലും ഈ തൊഴിലാളികളുടെ പ്രശ്നം കൂടി പരിഹരിച്ചുകൊണ്ടു മാത്രമേ നമുക്ക് ഇതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയൂ.

(10) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇടപാടുകളെക്കുറിച്ചുള്ള അന്വേഷണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇന്ന് നിയമസഭ പിരിയുന്നതു കൊണ്ടാണ് ഗൗരവതരമായ ഒരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 2005 മാർച്ച് 15 വരെയുള്ള പത്തു വർഷക്കാലത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇടപാടുകളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുപ്രകാരം ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. അടൂർ പ്രകാശ് എന്നീ നാലു മന്ത്രിമാരുടെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയ ഇടപാടുകളാണ് അന്വേഷിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. സർ, ഈ തീരുമാനമെടുത്ത ഇപ്പോഴത്തെ മന്ത്രിസഭയിലെ രണ്ട് അംഗങ്ങളാണ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററും ശ്രീ. അടൂർ പ്രകാശും. ഇങ്ങനെ രണ്ടു മന്ത്രിമാർതന്നെ സ്വയം ഉൾക്കൊള്ളുന്ന മന്ത്രിസഭ ജുഡീഷ്യൽ അന്വേഷണത്തിന് തീരുമാനിച്ച സാഹചര്യത്തിൽ ഈ രണ്ടു പേർ മന്ത്രിമാരായി തുടരാൻ എന്താണവകാശം? നമ്മുടെ സംസ്ഥാന ചരിത്രത്തിൽ ഇന്നേവരെ ജുഡീഷ്യൽ അന്വേഷണത്തിന് തീരുമാനിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട മന്ത്രിമാർ, മന്ത്രിമാരായി തുടരുന്ന ഒരു പാരമ്പര്യം ഈ സംസ്ഥാനത്ത് ഇല്ല. ഇത് ഒരു പുതിയ. കീഴ്വഴക്കം സൃഷ്ടിക്കും. ഇവർ മന്ത്രിമാരായി തുടരുന്നത് അന്വേഷണത്തെ

LIBRARY ARCHIVES Kerala Legislative Assembly

ബാധിക്കും. അതുകൊണ്ട് ഇന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രിയും ഇന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയും ഉൾക്കൊള്ളുന്ന മന്ത്രിസഭ തന്നെ ഈ തീരുമാനമെടുത്ത സാഹചര്യത്തിൽ, ഈ രണ്ടു മന്ത്രിമാരും മന്ത്രിസഭയിൽ നിന്ന് മാറി നിൽക്കാതെ നടത്തുന്ന ജുഡീഷ്യൽ അന്വേഷണം പ്രഹസനമായിരിക്കും. ഇതൊരു പുതിയ കീഴ്വഴക്കം സൃഷ്ടിക്കും. മന്ത്രിസഭ ഇങ്ങനെ ഒരു തീരുമാനമെടുത്ത ശേഷം അതുമായി ബന്ധപ്പെട്ട വ്യക്തികൾ മന്ത്രിമാരായി തുടരുന്ന പാരമ്പര്യം ഈ കേരളത്തിലില്ല. ബഹുമാനപ്പെട്ട ചെയർ ഇതിൽ ഇടപെടണം. ഗവൺമെന്റിൽ നിന്ന് അങ്ങ് വിശദീകരണം തേടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കുറിച്ച് അടിസ്ഥാനരഹിതമായി ആരോപണമുണ്ടായപ്പോൾ മന്ത്രി തന്നെ അതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് ഈ സഭയിൽ പറയുകയും ഗവൺമെന്റിൽ ആവശ്യപ്പെടുകയുമാണ് ചെയ്തത്. ഇത് മന്ത്രിമാർക്ക് എതിരെയുള്ള അന്വേഷണമല്ല. ഇപ്പോഴത്തെ മന്ത്രിക്ക് എതിരെയും അല്ല മുൻപുള്ള മന്ത്രിക്ക് എതിരേയുമല്ല. ഇത് കോർപ്പറേഷന്റെ കഴിഞ്ഞ പത്തു കൊല്ലക്കാലത്തെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള അന്വേഷണമാണ്; അല്ലാതെ ഒരു മന്ത്രിക്ക് എതിരേയുമുള്ള അന്വേഷണമല്ല. അതുകൊണ്ട് പ്രശ്നമൊന്നുമില്ല.

[അദ്ധ്യക്ഷവേദിയിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ]

(11) പെരിങ്ങളം മണ്ഡലത്തിലെ പുത്തൂർ ശുദ്ധജലവിതരണ പദ്ധതി

ശ്രീ. കെ. പി. മോഹനൻ: സർ, പെരിങ്ങളം നിയോജകമണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ പുത്തൂർ ശുദ്ധജല പദ്ധതി 1987-ന് മുപ്പത്തിയഞ്ചു ലക്ഷം രൂപ എസ്റ്റിമേറ്റിൽ തുടങ്ങിയതാണ്. പുത്തൂർ, കൈവേലയ്ക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ 42 വാട്ടർ ടാപ്പുകൾ ഉപയോഗിച്ചു കൊണ്ടുള്ള ശുദ്ധജലവിതരണ പദ്ധതി ആയിരുന്നു ഇത്. എന്നാൽ 2005 ആയിട്ടും ഇത് പൂർത്തിയായിട്ടില്ല എന്നു മാത്രമല്ല ഏകദേശം ഒരു കോടി രൂപയോളം ചെലവാകാൻ പോകുകയാണ്. ഗുണനിലവാരമില്ലാത്ത പൈപ്പുകളും മറ്റും ഉപയോഗിച്ച് പ്രവർത്തനം ആരംഭിച്ച പുത്തൂർ ശുദ്ധജലപദ്ധതിയിൽ 17 ടാപ്പുകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതും പൊട്ടിപ്പൊളിയുകയാണ്. പദ്ധതിയുടെ പ്രവർത്തനത്തിൽ ഉണ്ടായ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുകയും പൂർണ്ണമായി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly